LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിന്റെ വികസനത്തിനൊന്നും ഞങ്ങളാരും എതിരല്ല. ബഹുമാനപ്പെട്ട മുഖ്യന്ത്രിയുടെ സംസാരം കേട്ടാൽ തോന്നും അദ്ദേഹം മാത്രമാണ് കേരളത്തിന്റെ വികസനത്തിന്റെ നായകനെന്ന്. എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതിക്ക് ഞങ്ങൾ അനുകൂലമല്ലേ, അത് നടപ്പിലാക്കാൻ കഴിഞ്ഞോ; കൂടംകുളം പദ്ധതിക്ക് ഞങ്ങൾ അനുകൂലമല്ലേ, അത് നടപ്പിലാക്കാൻ കഴിഞ്ഞോ: R-APDRP പൊളിച്ചത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. എന്റെ ചോദ്യം, വിഴിഞ്ഞം ഇറമുഖ നിർമ്മാണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ അഞ്ച് കമ്പനികൾ യോഗ്യത തെളിയിച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയിട്ടുണ്ടോ? നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയതിന്റെ ഭാഗമായിട്ടല്ലേ ബാക്കിയുള്ള നാല് കമ്പനികൾക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായത്; ഏത് സാഹചര്യത്തിലാണ് യോഗ്യത തെളിയിച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയത്?

ശ്രീ. കെ. ബാബു : സർ, ഇതിനകത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ അതിനെല്ലാം ഇറമുഖ കമ്പനിയുടെയും മന്ത്രിസഭയുടെയും അംഗീകാരമുണ്ട്, അത് വെബ്സൈറ്റിൽ പരസ്യം ചെയ്തിട്ടുമുണ്ട്. എല്ലാ പ്രീ-ബിഡ് മീറ്റിംഗുകളും നടത്തിയിട്ടുണ്ട്, എല്ലാ കമ്പനികൾക്കും ഇതുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്, അവർ ആവശ്യപ്പെട്ട സമയവും നൽകിയിട്ടുണ്ട്. എല്ലാം സുതാര്യമായിട്ടാണ് ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

3 (*2) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കേഡറ്റുകൾക്ക് പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) :

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച്, ഇപ്പോൾ 420 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ഓരോ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. എട്ട് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശ്രുതയാത്ര, ശ്രുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം, കെയർ പദ്ധതി എന്നിവ) കേഡറ്റുകളുടെ സർവ്വതോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാമ്പ്, ക്രിസ്തുമസ് ക്യാമ്പ്, പ്രകൃതി പഠന ക്യാമ്പ്, ജില്ലാതല സമ്മർ ക്യാമ്പ്, സംസ്ഥാനതല സമ്മർ ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി. ഡേ, എസ്.പി.സി. ക്വിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യ ദിന പരേഡ് എന്നിവയും ആഘോഷിച്ചു വരുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവൽ, ഔട്ട്ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികളും നടത്തുകയും പരേഡ്, പി.റ്റി., യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവയും നടത്തിവരുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവ. ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും 12-2-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടന കർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly